# സന്ദേശം


2025-ൽചമ്പക്കുളംബ്ലോക്ക്പഞ്ചായത്തിന്റെഭരണ സാരഥ്യം ഏറ്റെടുത്ത ഈ ഭരണ സമിതിയുടെ പ്രഥമ വാർഷിക ബജറ്റാണ്, ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർ പേഴ്സണും വൈസ് പ്രസിഡൻ്റുമായ ശ്രീമതി. സുഷമ സുധാകരൻ ഇന്ന് ഈ സഭ മുന്പാകെ അവതരിപ്പിക്കുന്നത്.അധികാര വികേന്ദ്രീകരണത്തിലൂടെ നാടിന്റെ പുരോഗതി എന്ന പഞ്ചായത്ത് രാജ് തത്വത്തിൽ പ്രവർത്തിക്കുന്ന ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്, കുട്ടനാടിൻ്റെ പിന്നോക്കാവസ്ഥ ഉൾക്കൊണ്ടുകൊണ്ടാണ് വിവിധ പദ്ധതികള് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ജനതയുടെ ഉന്നമനത്തിനായി, തൊഴിൽ മേഖലകള് സൃഷ്ടിച്ച് അതിലൂടെ വരുമാന സ്രോതസ്സ് കണ്ടെത്തി ജനങ്ങളുടെ, നാടിന്റ പുരോഗതിക്കായി ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് എല്ലാ വർഷവും നൂതന പദ്ധതികള് ആസൂത്രണം ചെയ്ത നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പ്രകൃതി ക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള നിരവധി പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വരുന്ന നമ്മുടെ നാടിനെ ഭരണ- പ്രതിപക്ഷ വ്യത്യാസമില്ലാതെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ പുരോഗതിയിലേക്കു നയിക്കുമെന്നു ഞാൻ ഉറപ്പു നൽകുന്നു.

അടുത്ത വർഷങ്ങളിലേക്കുള്ള ബ്ലോക്കുപഞ്ചായത്തിൻ്റെ വികസനം ലക്ഷ്യമാക്കിയുള്ള ധനകാര്യ പ്രവൃത്തികളുടെ ഒരു കർമ്മ പദ്ധതിയാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്. കാർഷികമേഖലയില് വികസനോന്മുഖമായ പ്രവർത്തികള് ഏറ്റെടുത്തു നടപ്പാക്കിയും, തൊഴിലവസരങ്ങൾ സൃഷ്ടിച്ച്, അതിലൂടെ വരുമാന മാർഗ്ഗം കണ്ടെത്തിജീവിതസൌകര്യങ്ങള്മെച്ചപ്പെടുത്തുന്നതിനും, നൂതനസംവിധാനങ്ങളിലൂടെ മാലിന്യനിർമ്മാർജ്ജനംചെയ്യും, വനിതാ സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽസംരംഭങ്ങള് തുടങ്ങുന്നതിനു സഹായം നൽകിയും, വികസനോന്മുഖമായ ലക്ഷ്യത്തോടെയാണ് ഈ ധനാകര്യ പത്രിക തയാറാക്കിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്താടെ, സമസ്തമേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം കൂടുതല് കര്യക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. 2026-27 വർഷത്തില് നടപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ള ഈ ബഡ്ജറ്റ്, നമുക്ക് ലഭ്യമായിട്ടുള്ള വിഭവ സ്രോതസ്സുകൾക്കുള്ളില് നിന്നുകൊണ്ട്, പാരമ്പര്യവും നൂതനവുമായ പദ്ധതികൾ വിഭാവനം ചെയ്ത തയാറാക്കിയിട്ടുള്ളതാണ്.പുരോഗതിക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് പുറമേ വരുമാന മാർഗ്ഗങ്ങള് സൃഷ്ടിച്ച് വിഭവ സമാഹരണങ്ങളും ഈ ബജറ്റ് ലക്ഷ്യംവയ്ക്കുന്നു.നാടിന്റെ പുരോഗതി ലക്ഷ്യം വെച്ച് നമ്മൾ തയ്യാറാക്കിയിട്ടുള്ള ഈ ആസൂത്രണ രേഖ ജനകീയമാകട്ടെ എന്ന് ആശംസിക്കുന്നു.

(ഒപ്പ്)

ടിജിൻ ജോസഫ്

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
ചമ്പക്കുളം.



# ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

തെക്കേക്കരപി ഒ —688503
ഫോൺ: 0477 2702294

# ബജറ്റ് 2026-27

06-03-2026

## ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

### വാർഷിക ബജറ്റ് 2026-27

കിഴക്കിൻ്റെ വെനീസ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ആലപ്പുഴ യ്ക്ക ആ പേരു അന്വർത്ഥമായത്, കായലുകളും, കനാലുകളും, നീർച്ചാലുകളും നദീതടങ്ങളും കൊണ്ട് സമ്പന്നമായ കുട്ടനാടിൻ്റെ പാരിസ്ഥിതിക പ്രാധാന്യം ഉൾകൊണ്ടുകൊണ്ടാണ്. രാജ്യത്തിൻ്റെ കാർഷിക

അഭിവൃദ്ധിയിൽ നമ്മുടെ കൊച്ചു കൂട്ടനാടും അതിൻ്റേതായ പങ്കുവഹിക്കുന്നു എന്നത് നമുക്ക് അഭിമാനിക്കാവുന്നതാണ്. ശാസ്ത്ര സാങ്കേതിക രംഗത്തും, കാർഷിക രംഗത്തും വൻസാമ്പത്തിക ശക്തിയായി വളർന്നു കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിൻ്റെ അഭിവൃദ്ധിയ്ക്കായി കാർഷിക, വിനോദ സഞ്ചാര മേഖലയിൽ നമ്മുടെ നാട് തനതായ സംഭാവന നൽകുന്നുണ്ട്. കൂട്ടനാടിൻ്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ചമ്പക്കുളം ബ്ലോക്കുപഞ്ചായത്ത്, വിവിധങ്ങളായ പദ്ധതികൾ ഉൾക്കൊള്ളിച്ചു കൊണ്ട്, സമ്പൂർണ പുരോഗതി എന്ന ലക്ഷ്യത്തോടെയാണ് 2026-27വർഷത്തിലെ ധനകാര്യ ബജറ്റ് തയാറാക്കിയിട്ടുള്ളത്.

ഈ പ്രദേശത്ത് അധിവസിക്കുന്ന ജനതയുടെ ഉന്നമനത്തിനായിമാതൃകാപരമായി പ്രയത്നിച്ചു കൊണ്ടിരിക്കുന്ന എല്ലാ ജനപ്രതികളുടേയും സേവന സഹായ സഹകരണങ്ങളെ നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിച്ചു കൊള്ളുന്നു.2025-2026 വർഷത്തില് നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ പുരോഗതിക്കായി, പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച, പാർലമെന്റ് അംഗമായ, ബഹുമാനപ്പെട്ട ശ്രീ.കൊടിക്കുന്നിൽ സുരേഷ് എം.പി. അവർകളോടും, എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച്, ഈ ദേശത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.തോമസ്.കെ.തോമസ് അവർകളോടും, ഈ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങളോടും, ബ്ലോക്ക് പഞ്ചായത്ത് ഉൾക്കൊള്ളുന്ന 6 പഞ്ചായത്തുകളിലേയും ഗ്രാമ പഞ്ചായത്ത് അംഗങ്ങളോടും, വാർഷിക പദ്ധതികള് ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സഹായിച്ചുകൊണ്ടിരിക്കുന്ന ആസുത്രണ സമിതി അംഗങ്ങളോടും, എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരോടും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളോടും , കുടുംബശ്രീ അംഗങ്ങളോടും, പാലിയേറ്റീവ് കെയർ അംഗങ്ങളോടും, ഹരിതകർമ്മസേന അംഗങ്ങളോടും മറ്റ് ഉദ്യോഗസ്ഥരോടും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് അതിയായ കടപ്പാടുണ്ട്.

നമ്മുടെ ദേശത്ത് അധിവസിക്കുന്നവരിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരാണ്.ആകയാൽചമ്പക്കുളം ബ്ലോക്കു പഞ്ചായത്ത് ഈ വർഷവും കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിയാണ് 2026-27 വർഷത്തിലെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ, വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും ശുദ്ധജല ക്ഷാമമാണ് കൂട്ടനാട് അഭിമുഖീകരിക്കുന്ന എറ്റവു വലിയ പ്രതിസന്ധി ഇതിനു പരിഹാരം കാണുന്നതിനും ഈ ബജറ്റ് പ്രാധാന്യം നൽകുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിൻ്റെ തനത് സാമ്പത്തിക ലഭ്യതയെ ആശ്രയിച്ചുകൊണ്ടും, കൂടാതെഎല്ലാവർഷവും ബ്ലോക്കു പഞ്ചായത്തിനു ലഭ്യമായിക്കൊണ്ടിരിക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിഹിതത്തെ മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടുമാണ് 2026-27 വർഷത്തിലെ ബജറ്റ് തയാറാക്കിയിട്ടുള്ളത്. ചമ്പക്കുളം ബ്ലോക്ക് പഞ്ചയത്തിനു അടുത്ത സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന വിവിധ ഫണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഇന വിവരം | അനുവദിക്കുന്ന തുക |
|---|---|---|
| 1 | വികസന ഫണ്ട് ( ജനറൽ ) | 3,31,03,000/- |
| 2 | വികസന ഫണ്ട് ( എസ് .സി .പി ) | 1,11,82,000/- |
| 3 | ജനറൽ പർപ്പസ് ഫണ്ട് | 95,67,000/- |

| | | |
|---|---|---|
| 4 | വികസന ഫണ്ട്( റോഡിതരം) | 1,08,29,000/- |
| 5 | ധനകാര്യകമ്മീഷൻ ( അടിസ്ഥാന ഗ്രാൻറ്) | 39,63,300/- |
| 6 | ധനകാര്യകമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ്) | 59,45,500/- |
| 7 | ഹെൽത്ത് ഗ്രാൻ്റ് | 50,23,881/- |

ലഭ്യമായ വിഭവ സ്രോതസ്സുകൾ വിനിയോഗിച്ചുകൊണ്ട് വിവിധ പദ്ധതികൾ നടപ്പാക്കിയും പുതിയ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിച്ചു കൊണ്ടുമാണ്2026-27സാമ്പത്തിക വർഷത്തിൽ ചമ്പക്കുളം ബ്ലോക്കുപഞ്ചായത്ത് വിവിധ ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. നമ്മുടെ നാടിൻ്റെ പുരോഗതിയ്ക്കായി വിവിധ മേഖലകൾക്കായി അടുത്ത സാമ്പത്തിക വർഷത്തിലേക്കായി നിശ്ചയിച്ചിട്ടുള്ള ധനവിനിയോഗ വിവരങ്ങൾ ഏവരേയും അറിയിച്ചു കൊള്ളുന്നു.

1.കൃഷിയും ജലസേചനവും :-

ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട നെൽകൃഷി മേഖലയാണ് കുട്ടനാട്. കുട്ടനാട്ടിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തുന്നതിനായി,കുട്ടനാടിന്റെ പാരിസ്ഥിതിക പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ട്, പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തി വീതിയും ഉയരവും വർദ്ധിപ്പിച്ച് വെള്ളപ്പൊക്കത്തെ ചെറുത്ത് കൃഷി സംരക്ഷിക്കുന്നതിനായി പ്രത്യേകം തുക ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. പശ്ചാത്തല സൗകര്യത്തോടൊപ്പം നെൽകൃഷി മേഖലയ്ക്ക് ജലസേചന സൗകര്യവും ഒരുക്കേണ്ടത് അത്യാവശ്യമാണ്. പാടശേഖരങ്ങൾക്ക് പെട്ടിയും പറയും നൽകിയും, പാടശേഖരങ്ങളിൽ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും പ്രത്യേക പരിഗണന ബജറ്റ് വിഭാവനം ചെയ്യുന്നു. 2026-27 സമ്പത്തിക വർഷത്തിൽ കൃഷിക്കും ജലസേചനത്തിനും വേണ്ടി ആകെ 2810000/-രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2. മൃഗസംരക്ഷണവും ക്ഷീര വികസനവും :-

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി മങ്കൊമ്പ് പോളി ക്ലിനിക്കിന് പുതിയ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. ടി പുതിയ കെട്ടിടത്തിന് ആധുനിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ അനുബന്ധ പ്രവർത്തികൾ നടത്തുന്നതിന് പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും മരുന്നു വാങ്ങുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ആകെ 1217000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വ്യാപകമായി നെൽകൃഷിയുള്ള പ്രദേശമായതിനാൽ നമ്മുടെ പ്രദേശത്ത് ആടുമാടുകളെ വളർത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവർ ധാരാളം ഉണ്ട്. അതിൽ പ്രധാന വിഭാഗമാണ് ക്ഷീരകർഷകർ. പാൽ ഉൽപാദക സഹകരണ സംഘം വഴി സബ്സിഡിയോടുകൂടി കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും,

വൈക്കോൽ ,പച്ചപ്പുല്ല് വിതരണം കന്നുകാലികളുടെ ആരോഗ്യ സംരക്ഷണം തുടങ്ങിയവയ്ക്കായി ആകെ 4000000/- രൂപ നീക്കി വെച്ചിട്ടുണ്ട്.

3.വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ :-

നാടിന്റെ പുരോഗതിക്കായി വ്യവസായ സംരംഭങ്ങളും, സ്ഥാപനങ്ങളും ആവശ്യമാണ്. വ്യവസായിക സംരംഭങ്ങൾ നമ്മുടെ നാട്ടിൽ തന്നെ തുടങ്ങുന്നതിന് ആവശ്യമായ പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കുന്നതിനും, ഗ്രാമ വ്യവസായത്തിന്റെ ഭാഗമായ പരമ്പരാഗത തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി പ്രത്യേക പരിഗണന ഈ ബഡ്ജറ്റ് നൽകുന്നുണ്ട്. കൂടാതെ സ്വയംതൊഴിൽ സംരംഭങ്ങളാൽ നിർമ്മിക്കപ്പെടുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി ആകെ 1414100/-രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4.വിദ്യാഭ്യാസം, സാക്ഷരത തുടർ വിദ്യാഭ്യാസം :-

ഒരുകാലത്ത് വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കം നിന്നിരുന്ന പ്രദേശമാണ് നമ്മുടേത്. ഈ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് കാലാകാലങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഫലമായി, മറ്റ് പ്രദേശങ്ങളിലേത് പോലെ നമ്മുടെ നാട് വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. പുതിയ അംഗനവാടികൾ പണിയുന്നതിനും, സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും, സ്കൂളുകളിലേക്കുള്ള വഴികൾ നിർമ്മിക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തികൾക്കുമായി ആകെ 5560000/- രൂപ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ സാക്ഷരത- തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് 310000/- രൂപയും വകയിരുത്തിയിട്ടുണ്ട്. വായനാശീലം കുറഞ്ഞുവരുന്ന കാലമാണിത്. എന്നിരുന്നാലും വായനയിലൂടെ അറിവ് നേടുന്നതിന് നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. പുതിയ ഗ്രന്ഥശാലകൾ പണിയുന്നതിനും, ഗ്രന്ഥശാലകളുടെ അറ്റകുറ്റപണികൾ നിർവഹിക്കുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനുമായി ആകെ 2650000/- രൂപ വകയിരുത്തിയിട്ടുണ്ട്.

5.കലാസാംസ്കാരിക കായിക വികസനം :-

ഒരു രാജ്യത്തിന്റെ സമ്പത്ത് ആ രാജ്യത്തിന്റെ ആരോഗ്യവും ഊർജ്ജസ്വലതയുമുള്ള യുവജനതയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ യുവാക്കളുടെ കായികവും കലാപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പരിഗണന ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 6 പഞ്ചായത്തുകളിലെയും നിലവിൽ പ്രവർത്തിച്ചു വരുന്നതും, തെരഞ്ഞെടുക്കപ്പെട്ടതുമായ യുവജന ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും ,കേരളോത്സവം പോലുള്ള പരിപാടികൾ സംഘടിപ്പിച്ച് യുവാക്കളുടെ കലാപ്രതിഭകൾ തെളിയിക്കുന്നതിനുമായി ഈ ബജറ്റിൽ 822380/- രൂപ വകയിരുത്തിയിട്ടുണ്ട്.

6.പൊതുജനാരോഗ്യം:-

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ചെമ്പുംപുറം, ചമ്പക്കുളം, എന്നീ ആതുരാലയങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനും, മാലിന്യ നിർമാർജ്ജനത്തിനും, ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസലിനും ,ഈവനിംഗ് ഡോക്ടർ, ഫാർമസിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയമിച്ച് വേതനം നൽകുന്നതിനുമായി ആകെ 16158802/- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ആരോഗ്യ പരിപാലനത്തിന് മറ്റു പദ്ധതികൾക്കുമായി 2100000/-രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

7.കുടിവെള്ളം :-

നമ്മുടെ പ്രദേശത്തെ എല്ലാ ഭവനങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. കുഴൽക്കിണറുകൾ സ്ഥാപിച്ച് ജലം ശുദ്ധീകരിച്ച് ലഭ്യമാക്കുന്നതിനും, കൂടുതൽ സ്ഥലങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനു പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമായി ആകെ 5141217/- രൂപ ഈ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.

8.ഭവന നിർമ്മാണം:-

ഈ ജില്ലയിൽ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നവരിൽ ഏറ്റവും കൂടുതൽ ആളുകൾ അധിവസിക്കുന്ന പ്രദേശമാണ് നമ്മുടേത്. സ്വന്തമായി വീട് നിർമ്മിക്കുവാൻ ശേഷിയില്ലാത്തവർക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ ബ്ലോക്ക് പഞ്ചായത്ത് സഹായം നൽകി വരുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗത്തിനും എസ് സി, എസ് ടി വിഭാഗത്തിനും വേണ്ടി ബ്ലോക്ക് തലത്തിലുള്ള ഭവന നിർമ്മാണ പദ്ധതിയായ പി എം എ വൈ യിലൂടെ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് ആകെ 33921596/- രൂപ 2026 – 27 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

9.സാമൂഹികക്ഷേമം :-

ദാരിദ്ര്യരേഖയ്ക്ക് താഴെ അധിവസിക്കുന്ന ഇതര അവശ വിഭാഗത്തിനും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും,വിവിധ ക്ഷേമ പദ്ധതികൾ ഈ ബജറ്റിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായവും, സ്കോളർഷിപ്പും ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലൂടെ നൽകുന്നുണ്ട്. ഇതു കൂടാതെ പട്ടികജാതി വകുപ്പിന്റെ സഹകരണത്തോടെ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനും തുക ഈ ബജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് മാത്രമായി ആകെ 2050000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇവ കൂടാതെ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിഭാഗത്തെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ആകെ 1680000/- രൂപ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അംഗൻവാടികളിലൂടെ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി 1500000/- രൂപ ബജറ്റിൽ ഉൾക്കൊള്ളീച്ചിട്ടുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനായി,സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പ്രത്യേക ധനസഹായം ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്ത്രീകളുടെ വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനായി ആകെ 278250/- രൂപ നീക്കിവെച്ചിട്ടുണ്ട്.

10.പൊതു ശുചിത്വവും മാലിന്യ സംസ്കരണവും :-

സംസ്ഥാന സർക്കാരിന്റെ നയം പോലെ ഉറവിട മാലിന്യ സംസ്കരണമാണ് ബ്ലോക്ക് പഞ്ചായത്തും ലക്ഷ്യമിടുന്നത്. മാലിന്യ സംസ്കരണം ഒരു സംസ്കാരത്തിന്റെ ഭാഗമാക്കുന്നതിനായി കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിന് മാത്രമായി 300000/- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള ആർ ആർ എഫ്, എം സി എഫ് എന്നിവയുടെ തുടർ പ്രവർത്തനങ്ങൾക്കും, മാലിന്യ സംസ്കരണ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള ഹരിതകർമ്മ സേന അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും, പൊതു ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തികൾക്കുമായി ആകെ 4898378/- രൂപ വകയിരുത്തിയിട്ടുണ്ട്.

11.തൊഴിലുറപ്പ് പദ്ധതിയുടെ മികവ് വർദ്ധിപ്പിക്കൽ :-

തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ ജില്ലാതലത്തിൽ മികവാർന്ന നേട്ടം കൈവരിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് ആണ് നമ്മുടേത്. തികച്ചും ഗ്രാമ പ്രദേശമായ നമ്മുടെ നാട്ടിലെ ജനതയുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് തൊഴിലുറപ്പ് പദ്ധതി സഹായകരമായിട്ടുണ്ട്. 26- 27 വർഷത്തിൽ 689670 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് നമ്മൾ ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്, സാധനസാമഗ്രികൾ വാങ്ങുന്നതിനും വേതന വിതരണത്തിനുമായി ആകെ 424147000/- രൂപയാണ് അടുത്ത സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്.

12.പശ്ചാത്തല വികസനം :-

പശ്ചാത്തല വികസനത്തിലൂടെയേ വികസനം അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളൂ. നിലവാരമുള്ള റോഡുകളും പാലങ്ങളും ഗതാഗതത്തിന് അത്യാവശ്യമാണ്. ഗതാഗത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പൊതു കെട്ടിടങ്ങൾ പണിയുന്നതിനും മറ്റുമായി പശ്ചാത്തല വികസനത്തിനായി ആകെ 6753712/- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽവിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പാക്കുന്നതിനായി, പദ്ധതി നിർവ്വഹണ ചെലവുകൾക്കു മാത്രമായി ആകെ 1,13,442,719/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഈ ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

സമസ്ത മേഖലകളിലും വികസനം ലക്ഷ്യം വെച്ചുകൊണ്ട്, നാടിന്റെ പുരോഗതിക്കായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്താണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ വിനിയോഗിച്ചുകൊണ്ട്, ജനക്ഷേമപരമായ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 565624057/- രൂപ വരവും 433404572 രൂപ ചെലവും 149199299/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന 2026 - 27 വർഷത്തിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ ബജറ്റ്, ഈ ജനപ്രതിനിധി സഭയുടെ പരിശോധനയ്ക്കും, നിർദ്ദേശങ്ങൾക്കും അതോടൊപ്പം അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)

സുഷമ സുധാകരൻ
വൈസ് പ്രസിഡൻറ് &ചെയർപേഴ്സൺ
ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി